ളിൽ അനുവദിക്കാതെ എത്ര ദിവസം ലേറ്റായി പോവാൻ ഇടവന്നിട്ടുണ്ട് ;

(സി) ലേറ്റായിവന്ന സംഗതിയെപ്പറ്റി വിദ്യാർത്ഥികൾ ഒപ്പിട്ട ഒരു ഹർജി ഹെഡ്മാസ്റ്റർ അയച്ചിട്ടുണ്ടോ ;

(ഡി) ടി ഹർജി ഈ കൌൺസിൽ മേശപ്പുറത്തു വെക്കുവാൻ ഭയവുണ്ടാകുമോ ;

(ഇ) Season tickets വാങ്ങിച്ച ബസ്സുകളിൽ കയറാതെ വിദ്യാർത്ഥികൾക്കു വേറെ വണ്ടികളിലോ മറ്റോ പോകുന്നതിൽ അനാവശ്യച്ചിലവു വരുന്നില്ലേ ?

റാവുസാഹിബ് ഐ. എൻ. മേനോൻ :

(എ) ചോദ്യത്തിൽ പറയുന്ന ബസ്സു സർവ്വീസ് സീസൺ ടിക്കറ്റുകൾ കൊടുത്തുവരുന്നതായി അറിയാം.

(ബി) മൂന്ന്.

(സി) ഉവ്വ്, യു. എം. എസ്സ്. കമ്പനി മാനേജർക്കുള്ള ആ ഹർജി ഹെഡ്മാസ്റ്റർ ടി കമ്പനി മാനേജർക്ക് അയച്ചിട്ടുണ്ട്.

(ഡി) ഈ ഹർജിയുടെ പകർപ്പ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ഇ) ഉവ്വ്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: വിദ്യാർത്ഥികൾ ലേറ്റായി പോകുന്നതിനു കാരണമെന്താണെന്നു പറയാമോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : മൂന്നു ദിവസം ലേറ്റായി പോകാനിടവന്നിട്ടുണ്ട്. ബസ്സിൽ സ്ഥലം കിട്ടാത്തതുകൊണ്ടാണ് അതിനിടയായിട്ടുള്ളത്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ : ഓവർലോഡ് കയറിവരുന്ന ബസ്സുകളായാലും സീസൺ ടിക്കറ്റ് വിദ്യാർത്ഥികൾക്കു പ്രത്യേകിച്ചു കൊടുപ്പിക്കേണ്ടതും അങ്ങിനെ ടിക്കറ്റ് വാങ്ങിട്ടുള്ള വിദ്യാർത്ഥികളാണെങ്കിൽ അവരെ കയറ്റി കൊണ്ടുപോകേണ്ടതുമാണെന്ന് ബസ്സുകാർക്കു പ്രത്യേകിച്ചു അറിവു കൊടുക്കാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ : കൊടുക്കാം.

"DESK WORK"—PRESCRIPTION FOR SECONDARY CLASSES

146. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ശവമ്മെണ്ട് ഭയവായി മറുപടി പറയുമോ.—

(എ) തിരുവിലാമല ഹൈസ്കൂളിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ മിസ്റ്റർ കൃഷ്ണയ്യർ "ഡസ്ക് വർക്ക്" എന്ന ഒരുതരം പുസ്തകം സെക്കണ്ടറി ക്ലാസുകളിൽ ഉപയോഗിക്കുവാൻ ഏർപ്പെടുത്തീട്ടുണ്ടോ ;

(ബി) അതു് എന്തിനുള്ളതാണെന്നും വില എന്തുവീതമാണെന്നും പറയാമോ ;

Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാഠപുസ്തക കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണോ ഉവ്വാകിൽ;

(ഡി) സെക്കണ്ടറി ക്ലാസുകളിൽ പ്രസ്തുത പുസ്തകം നിർബ്ബന്ധമാക്കീട്ടുണ്ടോ;

(ഇ) ഈ പുസ്തകങ്ങൾ ഇപ്പോൾ എതെല്ലാം സ്കൂളുകളിൽ നിർബ്ബന്ധമായി നടപ്പാക്കീട്ടുണ്ട്;

(എഫ്) ഈ പുസ്തകങ്ങൾ വാങ്ങിക്കാത്ത എത്ര കുട്ടികളെയാണ് ഫ്രഫ്രരി കക്കടകം മനം, മർം തിയ്യതികളിൽ പ്രസ്തുത സ്കൂളിലെ അപ്പർസെക്കണ്ടറി ക്ലാസുകളിൽനിന്നും പുറത്താക്കിയത്;

(ജി) ഈ പുസ്തകത്തിന്റെ കർത്താവാരാണ്;

(എച്ച്) ഈ പുസ്തകങ്ങൾ പ്രസ്തുത സ്കൂളിലേക്കു വരുത്തീട്ടുള്ളത് ഹെഡ് മാസ്റ്റർ നേരിട്ടല്ലേ;

(ഐ) ഈ ഹെഡ്മാസ്റ്റർ തിരുവിലാമല ഹൈസ്കൂൾ ഹെഡ്മാസ്റ്ററാകുന്നതിനുമുമ്പ് ഹെഡ്മാസ്റ്ററായിരുന്ന സ്കൂളുകൾ ഏതെല്ലാം;

(ജെ) ആ സ്കൂളുകളിലെല്ലാം ഈ പുസ്തകം പ്രചരിപ്പിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ :

(എ) ഉവ്വ്.

(ബി) വ്യാകരണത്തിനും കോമ്പോസിഷനും വേണ്ടി.

അഞ്ചും ആറും ക്ലാസിലേക്കുള്ള പുസ്തകത്തിന്നു നൂ അണയും, ഏഴും എട്ടും ഒമ്പതും ക്ലാസിലേക്കുള്ള പുസ്തകത്തിന്നു വ അണയും.

(സി) അല്ല. എന്നാൽ നല്ല പുസ്തകമായതുകൊണ്ടു പ്രസ്തുത കമ്മിറ്റി അഞ്ചും, ആറും, ഏഴും ക്ലാസുകളിലേക്കു ഉപയോഗിപ്പാൻ പ്രത്യേകമായി ശുപാർശചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) വേറെ ഒരു സ്കൂളിലും ഇല്ല.

(എഫ്) പുസ്തകം വാങ്ങാത്തതുകൊണ്ടു ആരേയും പുറത്താക്കിയില്ല. എന്നാൽ അഞ്ചോ ആറോ കുട്ടികളെ, അവർ ഏറ്റിരുന്ന പ്രകാരം പുസ്തകം വരുത്തിയപ്പോൾ വാങ്ങിക്കാത്തതെന്താണെന്നു ചോദിച്ചതിനു അധികപ്രസംഗമായ മറുപടി പറയുകയാൽ ഒരുപീരീഡ് ക്ലാസിൽനിന്നു പുറത്തുപോവാൻ പറയുകയുണ്ടായി.

(ജി) ജെ. പി. റോസ് (പബ്ലിഷർ, മെസ്സേഴ്സ് മാക്മില്ലൻ ആൻഡ് കമ്പനി, ലിമിറ്റഡ്).

(എച്ച്) സ്കൂൾ മൂച്വൽ ബെനിഫിറ്റ് സൊസൈറ്റി പ്രസിഡണ്ടു എന്നനിലക്കാണു.

(ഐ) (ഫ) മുളന്തുരുത്തി ലോവർസെക്കണ്ടറി സ്കൂൾ,

LIBRARY ARCHIVES Kerala Legislative Assembly

(ഛ) കണ്ടശ്ശാംകടവു് ഹൈസ്കൂൾ (അപൂർണ്ണമായ ഹൈസ്കൂൾ ആയിരുന്നകാലത്തു്),
(ന) തുപ്പൂണിത്തുറ ഗവർമെന്റു് ഹൈസ്കൂൾ ടി
(ര) ഏറണാകുളം ടി . ടി
(ഭ) ചാലക്കുടി ഹൈസ്കൂൾ.

(ങ) ഇല്ല.

APPOINTMENTS IN P.W.D.—PREFERENCE TO B.Es. AND UPPER SUBORDINATES

147. Mr. C. R. Iyyunni *(Trichur-South):* Will Government be pleased to state.—

(*a*) whether in the matter of appointments or promotions any preference is shown to B.Es. against Upper Subordinates, and Upper Subordinates against Lower Subordinates in the P.W. Department;

(*b*) will Government be pleased to state the practice obtaining in British India and Travancore?

Mr. V. K. Aravindaksha Menon *(Chief Engineer):*

(*a*) Only persons possessing the B.E. degree are appointed as Assistant Engineers, Technical Officer and first grade Overseers. The posts of the 2nd and 3rd grade Overseers are given to Upper Subordinates and Lower Subordinates. Other conditions remaining the same, preference is always given to persons who are better qualified.

(*b*) No information is available.

Mr. C. R. Iyyunni *(Trichur-South):* May I know, from what time this practice has been in vogue?

Mr. V. K. Aravindaksha Menon *(Chief Engineer):* This practice was newly introduced about four months ago.

Mr. C. R. Iyyunni *(Trichur-South):* May I know what was the practice before?

Mr.V.K.Aravindaksha Menon *(Chief Engineer):* According to the old P. W. Code only persons possessing the B.E. degree could be appointed as Assistant Engineers and for all other posts either Upper Subordinates or Lower Subordinates can be appointed.

Mr. C. R. Iyyunni *(Trichur-South):* Was any distinction being made between Lower Subordinates and Upper Subordinates so far as posts other than those of Assistant Engineers are concerned?

Mr. V. K. Aravindaksha Menon *(Chief Engineer):* Although it is not provided in the Code, in practice about 20 years ago two Upper Subordinates were appointed above the then existing Lower Subordinates.

LIBRARY ARCHIVES Kerala Legislative Assembly